# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ *62

11/03/2015-ൽ മറുപടിക്ക്

## എച്ച്1.എൻ1 പ്രതിരോധ നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ.ജെയിംസ് മാത്യു | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) എച്ച്1.എൻ1 പനി പടരുന്നത് തടയാൻ സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കാമോ ; | എ) എച്ച്1.എൻ1 പനിയുടെ പകർച്ചയ്ക്ക് എതിരെയുള്ള മുൻകരുതലുകൾ എടുക്കുന്നതിനെ സംബന്ധിച്ചുള്ള റേഡിയോ, ടി.വി. പത്രപരസ്യങ്ങളും, റേഡിയോ ഹെൽത്ത് വഴി പൊതുജനങ്ങൾക്കുള്ള ബോധ വൽക്കരണവും പ്രഭാഷണങ്ങളും നിത്യേന നടന്നു വരുന്നു. ജനങ്ങൾക്ക് കൊടുക്കേണ്ട ഉപദേശങ്ങളെക്കുറിച്ചുള്ള ബിറ്റ് നോട്ടീസ് ആവശ്യത്തിന് അച്ചടിച്ച് നൽകാനുള്ള നടപടി ജില്ലാ മെഡിക്കൽ ആഫീസർമാർ വഴി ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ സംശയങ്ങൾക്കുള്ള പരിഹാരത്തിനായി ദിശ ഹെൽപ് ലൈൻ നമ്പറുകൾ (1056,04712552056) സജ്ജമാക്കിയിട്ടുണ്ട്. ആശുപത്രി തലത്തിൽ എല്ലാ ഡോക്ടർമാർക്കും എച്ച്1 എൻ1 ചികിൽസാ മാർഗ്ഗരേഖകൾ, ഒസൽട്ടാമിവിർ മരുന്നുകളുടെ ലഭ്യത, ആശുപത്രിയിലെ അണുബാധ നിയന്ത്രണ സംവിധാനങ്ങൾ എന്നിവ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |
| ബി) പ്രതിരോധ പ്രവർത്തനത്തിനും രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | ബി) എച്ച്1.എൻ1 രോഗവ്യാപനം തടയുന്നതിനായി ആരോഗ്യ വകുപ്പ് എല്ലാ തലങ്ങളിലുമുള്ള ബോധ വൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. രോഗ നിർണ്ണയത്തിനായി സ്രവസാമ്പിളുകൾ |

കേന്ദ്ര ആരോഗ്യ മന്ത്രാലയത്താൽ നിർദ്ദേശിക്കപ്പെട്ട മണിപ്പാൽ സെന്റർ ഫോർ വൈറൽ റിസർച്ച് (എം.സി.വി.ആർ) ലാബിലേക്ക് അയച്ച് പരിശോധിച്ച് വരുന്നു. ഇതിനു പുറമേ ചില ജില്ലകളിലെ സാമ്പിളുകൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ ആലപ്പുഴ യൂണിറ്റിലും പരിശോധിച്ച് വരുന്നു. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ മാനദണ്ഡമനുസരിച്ച് എച്ച്1.എൻ1 രോഗ ചികിൽസ നടത്തുന്നതിന് ലാബ് പരിശോധന ആവശ്യമില്ല. കാറ്റഗറി - ബി1, സി രോഗങ്ങൾക്ക് ചികിൽസ ആരംഭിക്കുന്ന തിനോടൊപ്പവും പുതിയ വിഭാഗങ്ങളിലേക്ക് രോഗം പകരുന്നുണ്ടോ എന്നറിയാനും കൂടിയാണ് ലാബ് പരിശോധന നടത്തുന്നത്. ചികിൽസയ്ക്ക് ആവശ്യമായ മാർഗ്ഗരേഖകളും, ശുശ്രൂഷാസംവിധാനങ്ങളും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ചാണ് ചെയ്തു വരുന്നത്.

എച്ച്1.എൻ1 ചികിൽസയ്ക്ക് ഐസലേഷൻ വാർഡുകൾ, തീവ്ര പരിചരണ വാർഡുകൾ, പ്രത്യേക പരിശീലനം നൽകിയിട്ടുള്ള റാപ്പിഡ് റെസ്പോൺസ് ടീം എന്നിവ എല്ലാ ജില്ലകളിലും, ഓരോ ജില്ലാ ആശുപത്രിയിലും, മെഡിക്കൽ കോളേജുകളിലും നിലവിലുണ്ട്. ആവശ്യമായ മരുന്നുകൾ സർക്കാർ ശൃംഖലയിലേക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേനയും, സ്വകാര്യ മേഖലയ്ക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി സ്റ്റോറുകൾ വഴിയും ലഭ്യമാക്കിയിട്ടുണ്ട്.

| | |
|---|---|
| സി) രോഗപ്രതിരോധ പ്രവർത്തനത്തിനായി കേന്ദ്ര സഹായം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ? | സി) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് ആവശ്യപ്പെട്ടത് പ്രകാരം വ്യക്തിഗത സംരക്ഷണ ആവരണങ്ങൾ, മാസ്കുകൾ, മരുന്നുകൾ (ഒസൾട്ടാമിവിർ) തുടങ്ങിയവ കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ |

വടക്കേ ഇന്ത്യയിൽ എച്ച്1.എൻ1 പനിയുടെ അധിക വ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഒസൽട്ടാമിവിർ മരുന്നുകളുടെ അധിക സ്റ്റോക്കിനു വേണ്ടി സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടർ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഈ രംഗത്തെ തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനു വേണ്ടി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ വിദഗ്ധർ കേരളം സന്ദർശിച്ച് നിർദ്ദേശങ്ങൾ നൽകുകയും ഇടയ്ക്കിടെ ഇതിനുവേണ്ടി വീഡിയോ കോൺഫറൻസുകൾ നടത്താറുമുണ്ട്.

**സെക്ഷൻ ഓഫീസർ**